പാലക്കാട് ജില്ലയിൽ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ഉത്തരവ് ലഭിച്ച് നിയമനം കാത്തു നിൽക്കുന്നവർ

120 (3679) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിലിരിക്കെ മരണപ്പെട്ട അദ്ധ്യാപകരുടെ ആശ്രിതർക്ക് ജോലി നൽകുന്നതിനുള്ള പദ്ധതിയിൽ പാലക്കാട് ജില്ലയിൽ ഉത്തരവ് ലഭിച്ച് നിയമനം കാത്തു നിൽക്കുന്ന എത്ര പേരുണ്ടെന്നും അവർ ഏതൊക്കെ വകുപ്പുകളിലാണെന്നുമുള്ള കാര്യം വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഇതിൽ ഓരോ വിഭാഗത്തിലുംപ്പെട്ടവർ എത്രപേരെന്ന് വ്യക്തമാക്കുമോ ;

(സി) ജി.ഒ.(എം)എസ്)2/2002 പൊതു വിദ്യാഭ്യാസ (എസ്) വകുപ്പ് 1-1-2002-ന് ഇറക്കിയ ഉത്തരവ് പ്രകാരം ജോലിക്കർഹതയുള്ള സാദിഖ് അലി എം. എന്നയാൾക്ക് എന്നത്തേക്ക് നിയമനം നൽകുവാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ 8(എട്ട്) പേർ നിയമനം കാത്തു നിൽക്കുന്നുണ്ട്.

(സി) ശ്രീ. സാദിഖ് അലി എം. എന്നയാൾക്ക് നിയമനം നൽകി കഴിഞ്ഞു.

കോഴിക്കോട് ജില്ലയിൽ എൽ.പി/യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി

121 (3680) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ എൽ.പി./യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ് ;

(ബി) ജില്ലയിൽ നിലവിൽ എത്ര പ്രൈമറി അദ്ധ്യാപകരുടെ ഒഴിവുകളുണ്ട് ;

(സി) റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും പ്രസ്തുത ലിസ്റ്റിൽ നിന്നും ഇതുവരെയും ആർക്കും നിയമനം നൽകിയിട്ടില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എന്തുകൊണ്ടാണ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താത്തതെന്ന് വ്യക്തമാക്കാമോ ;

(ഇ) റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly